സംസ്ഥാനത്തെ സീവറേജ് സംവിധാനം

46 [3908] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര നഗരസഭാമേഖലകളിൽ സീവറേജ് സംവിധാനം നിലവിലുണ്ടെന്നും എത്ര പുതിയ പ്രവർത്തികൾ അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) സംസ്ഥാന ജനസംഖ്യയിലെ എത്ര ശതമാനം ജനങ്ങൾക്ക്/കുടുംബങ്ങൾക്ക് നിലവിൽ സീവറേജ് സൗകര്യം പ്രയോജനപ്പെടുത്താൻ ഇപ്പോൾ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വാട്ടർ അതോറിറ്റി ബജറ്റിലെ എത്ര ശതമാനം തുകയാണ് സീവറേജ് സ്ഥാപനത്തിനും പരിപാലനത്തിനും നീക്കിവച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളോ സർക്കാരോ സീവറേജ് സ്ഥാപനത്തിനായി നിലവിൽ തുക നീക്കിവച്ചിട്ടുണ്ടോ;

(ഇ) കേന്ദ്ര ഗവൺമെന്റോ, ഇതര ധനകാര്യ സ്ഥാപനങ്ങളോ സംസ്ഥാനത്തെ സീവറേജ് വ്യാപനത്തിനായി തുക അനുവദിച്ചിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്തെ ജനസാന്ദ്രതയേറിയ എല്ലാ നഗരങ്ങളിലും 10-ാം പഞ്ചവത്സര പദ്ധതിക്കാലത്തുതന്നെ സീവറേജ് സൗകര്യം വ്യാപിപ്പിക്കാൻ തക്കനിലയിൽ പ്രോജക്ട് തയ്യാറാക്കുമോ;

(ജി) സീവറേജ് സൗകര്യം നഗരങ്ങളിലെ എല്ലാ വാർഡുകളിലും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊച്ചി എന്നീ നഗരസഭകളിൽ സീവറേജ് സംവിധാനം നിലവിലുണ്ട്. കോട്ടയം മെഡിക്കൽ കോളേജിലെ സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പുനരുദ്ധാരണത്തിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി ആരോഗ്യ കുടുംബക്ഷേമവകുപ്പ് നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരസഭയിലെ 35%ത്തോളം ജനങ്ങൾക്ക് ഇപ്പോൾ സീവറേജ് സൗകര്യം നിലവിലുണ്ട്. എറണാകുളം നഗരസഭ മേഖലയിലെ ജനസംഖ്യയുടെ 3% ജനങ്ങൾക്ക് സീവറേജ് സംവിധാനം പ്രയോജനപ്പെടുത്തുവാനുള്ള സൗകര്യമുണ്ടെങ്കിലും 1.5% ജനങ്ങൾ മാത്രമേ ഈ സൗകര്യം പ്രയോജനപ്പെടുത്തിയിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2004-2005 സാമ്പത്തിക വർഷത്തിൽ സീവറേജ് സ്ഥാപനത്തിനും പരിപാലനത്തിനും 1350 ലക്ഷം രൂപയാണ് വാട്ടർ അതോറിറ്റിയുടെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇത് മൊത്തം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ (സ്റ്റേറ്റ് പ്ലാൻ) 5% വരും.

(ഡി) 2004-2005 സാമ്പത്തിക വർഷത്തിൽ സീവറേജ് സ്ഥാപനത്തിനും പരിപാലനത്തിനും 1350 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. കൊച്ചി കോർപ്പറേഷന്റെ 43-ാം ഡിവിഷനിൽ ഐക്യനഗർ കോളനിയിൽ സീവറേജ് കണക്ഷൻ നൽകുന്നതിലേക്കായി യു. പി. എ. ഡി. 85955 രൂപ നിക്ഷേപിച്ച പ്രകാരം പ്രസ്തുത ജോലി പൂർത്തീകരിച്ചു കഴിഞ്ഞു.

(ഇ) ഇല്ല.

(എഫ്) സീവറേജ് സംവിധാനം നടപ്പിലാക്കുന്നതിന് ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയുണ്ട്. ട്രീറ്റ്മെന്റ് പ്ലാന്റുകൾക്ക് അനുയോജ്യമായ സ്ഥലവും ആവശ്യമായ ഫണ്ടും ലഭ്യമായാൽ മാത്രമേ ഈ സംവിധാനം വ്യാപിപ്പിക്കാൻ സാധിക്കുകയുള്ളൂ.

(ജി) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ഉണ്ടാക്കിയ ശേഷം സാമ്പത്തിക ലഭ്യതയ്ക്ക് വിധേയമായി നടപ്പിലാക്കാവുന്നതാണ്.

തോടുകളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമായുള്ള പദ്ധതികൾ

47 [3909] *ശ്രീ. എ. കെ. ബാലൻ:*
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഴയ ജലസേചന പദ്ധതികളുടെ ഭാഗമായുള്ള തോടുകളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമായുള്ള പദ്ധതികൾ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) അവശേഷിക്കുന്ന പുനരുദ്ധാരണ പരിപാടികൾക്ക് മൊത്തം എന്തു തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; തന്നാണ്ടിലെ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു എന്നും എന്തു തുക ചെലവഴിക്കുകയുണ്ടായി എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly